**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 979** **10-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ വന വിസ്തൃതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ നിലവിലെ വനവിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ വനവിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തിന്റെ നിലവിലെ വനവിസ്തൃതി 11524.913 $km^2$ ആണ്. വനം വകുപ്പിന്റെ ഭരണ റിപ്പോർട്ട് പ്രകാരം 2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ വനവിസ്തൃതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>വർഷം വന വിസ്തൃതി ($km^2$)<br>2016-2017 - 11524.411<br>2017-2018 - 11521.812<br>2018-2019 - 11520.058<br>2019-20 - 11521.993<br>2020-21 - 11524.913 |
| (ബി) | വനവിസ്തൃതിക്ക് ആനുപാതികമായാണോ സംസ്ഥാനത്തെ വനങ്ങളിൽ വന്യമൃഗങ്ങളുടെ എണ്ണമുള്ളത് എന്നതിൽ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | പഠനം നടത്തിയിട്ടില്ല. |
| (സി) | ഏതൊക്കെ വന്യമൃഗങ്ങളുടെ എണ്ണമാണ് സംസ്ഥാനത്തിന്റെ വനമേഖലയിൽ കുറയുന്നതായി കണ്ടെത്തിയിട്ടുള്ളത്; ഇതിന്റെ കാരണം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | വനം-പരിസ്ഥിതി മന്ത്രാലയവും, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും അംഗീകരിച്ച രീതികൾ അവലംബിച്ചാണ് വന്യജീവികളുടെ എണ്ണം തിട്ടപ്പെടുത്തുന്നത്. വ്യത്യസ്ത വർഗ്ഗങ്ങളിൽപ്പെട്ട ജീവികൾക്ക് വ്യത്യസ്ത രീതികളാണ് കണക്കെടുപ്പിനായി അവലംബിച്ചുവരുന്നത്. ഒരു ഇനത്തിൽപ്പെട്ട വന്യമൃഗത്തിന്റെ ഏകദേശ എണ്ണമാണ് (Population estimation) ഈ രീതിയിലൂടെ കണ്ടെത്താൻ സാധിക്കുന്നത്. കണക്കെടുപ്പ് നടത്തുന്ന സീസൺ, കണക്കെടുപ്പിന് അവലംബിച്ച രീതി (Direct count/Indirect method) കാലാവസ്ഥാ വ്യതിയാനം, ആവാസ വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങളെ |

ആശ്രയിച്ച് ഓരോ മേഖലയിലും കാണപ്പെടുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്.

2017 ലെ കണക്കെടുപ്പ് പ്രകാരം ബ്ലോക്ക് കൗണ്ടിൽ 3,322 കാട്ടാനകളും (സാന്ദ്രത ഒരു $km^2$ ൽ 0.35) ഡങ്ങ് കൗണ്ടിൽ 5706 കാട്ടാനകളും (സാന്ദ്രത ഒരു $km^2$ ൽ 0.59) കേരളത്തിൽ ഉള്ളതായാണ് കണക്കാക്കിയത്. 2023-ലെ കണക്കെടുപ്പ് പ്രകാരം ബ്ലോക്ക് കൗണ്ടിൽ 1920 കാട്ടാനകളും (സാന്ദ്രത ഒരു $km^2$ ൽ 0.20) ഡങ്ങ് കൗണ്ടിൽ 2386 കാട്ടാനകളും (സാന്ദ്രത ഒരു $km^2$ ൽ 0.25) കേരളത്തിലുള്ളതായി കണക്കാക്കിയിട്ടുണ്ട്. 2023 ലെ കണക്കെടുപ്പിന് താഴെപ്പറയുന്ന കാരണങ്ങളാൽ കൃത്യത കൂടുതലാണ്.

1. ബ്ലോക്ക് വിസ്തീർണ്ണം പ്രായോഗികമായ രീതിയിൽ കുറച്ചിട്ടുണ്ട് (4 $km^2$ നും 7.09 $km^2$ ഇടയിൽ, mean 5.76 $km^{2)}$.
2. ട്രാൻസെക്റ്റിന്റെ നീളം കുറച്ചിട്ടുണ്ട് (0.65 km - 1.65 km mean 1.47 km). ആയതിൽ നിന്നും നേർരേഖയിലുള്ള ട്രാൻസെറ്റുകൾ സാധ്യമായതും കൗണ്ടിങ് ടീമിന് മടുപ്പ് ഉണ്ടാകുന്നത് ഒഴിവാക്കുവാനും കഴിഞ്ഞു.
3. തൊട്ടടുത്ത ബ്ലോക്കുകൾ ഒഴിവാക്കിയതുകൊണ്ട് എണ്ണത്തിൽ ഇരട്ടിപ്പ് വരുവാനുള്ള സാദ്ധ്യത ഒഴിവായി.
4. ഡിജിറ്റൽ മാപ്പുകൾ ഉപയോഗിച്ചതിലൂടെ ഫീൽഡിലെ എണ്ണൽ വേളയിൽ ഉൾപ്പെടെ ബ്ലോക്ക് അതിർത്തികളിൽ വ്യക്തതയുണ്ടായിരുന്നു.

എലഫെൻറ് റിസർവുകളുടെ (ER) അന്തർസംസ്ഥാന അതിർത്തി -957 കി.മീ. ആണ് (വയനാട് ER 242 km-തമിഴ്‌നാട്&കർണാടക, നിലമ്പൂർ ER 212 km - തമിഴ്‌നാട്, ആനമുടി ER 214km- തമിഴ്‌നാട്, പെരിയാർ ER 289 km-തമിഴ്‌നാട്). ആയതിനാൽ ആനകളുടെ അന്തർ സംസ്ഥാന സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും സംസ്ഥാനത്തിനുള്ളിലെ കാട്ടാനകളുടെ എണ്ണത്തിൽ മാറ്റം വന്നു കൊണ്ടിരിക്കുന്നതുമാണ്. വരൾച്ച, കാട്ടുതീ എന്നിവ ഇപ്രകാരമുള്ള പാലായനത്തെ വർദ്ധിപ്പിക്കുന്നു.

വയനാട് ലാന്റ്സ്കേപ്പിൽ 2023- ലെ കടുവകളുടെ കണക്കെടുപ്പിൽ 84 കടുവകളെയാണ് കണ്ടെത്തിയത്. വയനാട് ലാന്റ്സ്കേപ്പിൽ കടുവകളുടെ സാന്ദ്രത നിലവിൽ ഓരോ 100 ചതുരശ്ര കിലോമീറ്ററിനും 7.7

| | | | | |
|---|---|---|---|---|
| | | | | ആണ്. ഇത് 2018-ൽ രേഖപ്പെടുത്തിയ കടുവകളുടെ സാന്ദ്രതയെക്കാൾ (9.33/100 ച.കി.മി) കുറവാണ്. 2018-ലെ കണക്കെടുപ്പിൽ 120 കടുവകളെയാണ് വയനാട് ലാന്റ്സ്കേപ്പിൽ കണ്ടെത്തിയിരുന്നത്. ഈ വർഷത്തെ (2023) കണക്കെടുപ്പിൽ കണ്ടെത്തിയ 84 കടുവകളിൽ 45 എണ്ണം (54%) മുൻകാലങ്ങളിൽ (2016, 2018, 2022) ലഭിച്ചതും ബാക്കിയുള്ള 39 എണ്ണം (46%) ഇതുവരെ ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയുമാണ്.<br>വയനാട് ലാന്റ്സ്കേപ്പ് കർണ്ണാടക സംസ്ഥാനത്തിലെ നാഗർഹോളെ, ബന്ദിപ്പൂർ, BRT എന്നീ സംരക്ഷിത മേഖലകളും തമിഴ്നാട്ടിലെ മുതുമലൈ, സത്യമംഗലം എന്നീ സംരക്ഷിത മേഖലകളും ഉൾപ്പെട്ട വലിയൊരു ലാന്റ്സ്കേപ്പിന്റെ ഭാഗമായതിനാൽ കടുവകളുടെ അന്തർസംസ്ഥാന സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ആയത് അനുസരിച്ച് അവയുടെ കണക്കെടുപ്പിൽ വ്യതിയാനങ്ങൾ സംഭവിക്കാറുമുണ്ട്. 2022-ൽ അഖിലേന്ത്യാതലത്തിൽ നടന്ന കടുവകളുടെ കണക്കെടുപ്പിന്റെ സംക്ഷിപ്ത റിപ്പോർട്ട് ഇത് ശരിവെക്കുന്നു. 2022-ലെ കണക്ക് പ്രകാരം നാഗർഹോളയിലെയും, ബന്ദിപ്പൂരിലെയും കടുവകളുടെ എണ്ണം കൂടിയതായും എന്നാൽ അതേ ലാന്റ്സ്കേപ്പിന്റെ ഭാഗമായ വയനാട് ലാന്റ്സ്കേപ്പിൽ കടുവകളുടെ എണ്ണം കുറഞ്ഞതായും രേഖപ്പെടുത്തിയിട്ടുണ്ട്. 2023-ലെ കണക്കെടുപ്പിൽ വയനാട് ലാന്റ്സ്കേപ്പിൽ ലഭിച്ച 84 കടുവകളിൽ 39 എണ്ണം (46%) ഇതിന് മുൻപ് നടന്ന കണക്കെടുപ്പുകളിൽ (2016, 2018, 2022) ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയാണ് എന്ന കാര്യവും കടുവകളുടെ അന്തർസംസ്ഥാന സഞ്ചാരങ്ങൾ ശരിവെക്കുന്നു. മാത്രമല്ല ഈ വർഷം വയനാട് ലാന്റ്സ്കേപ്പിൽ നടത്തിയ കണക്കെടുപ്പിൽ ലഭ്യമായ കടുവകളുടെ ആൺ-പെൺ അനുപാതം (1:1.62) ടി ലാൻറ്സ്കേപ്പിലെ കടുവകളുടെ സഞ്ചയത്തിന്റെ ആരോഗ്യപരമായ വളർച്ചയെ സൂചിപ്പിക്കുന്നു. |

സെക്ഷൻ ഓഫീസർ